**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3562** **14-07-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലാതല ഓഫീസ് മാറ്റിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ പുതിയ ജില്ലാതല ക്ലസ്റ്റർ ഓഫീസുകൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ടോ; എങ്കിൽ പുതിയ ഓഫീസുകൾ രൂപീകരിക്കേണ്ടതിന്റെ സാഹചര്യം വിശദീകരിക്കാമോ; ഓഫീസുകളുടെ പ്രവർത്തനം എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ഭരണപരവും സാമ്പത്തികപരവുമായ നടപടികൾ ജില്ലാടിസ്ഥാനത്തിലാക്കുന്നതിന്റെ ഭാഗമായി 24.05.2022ന് 15 ജില്ലാ ഓഫീസുകൾ രൂപീകരിച്ച് പ്രാഥമിക ഘട്ടമായി കാസർഗോഡ്, കണ്ണൂർ, വയനാട്, പാലക്കാട് ജില്ലകളിൽ 01.06.2022 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Administration, Accounts എന്നിങ്ങനെ രണ്ട് തലങ്ങളിലാണ് ജില്ലാ ഓഫീസ് തലത്തിൽ നടപടികൾ സ്വീകരിക്കുന്നത്. ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മലപ്പുറം ജില്ലാതല ഓഫീസ് ജില്ലാ ആസ്ഥാനത്ത് നിന്നും പെരിന്തൽമണ്ണയിലേക്ക് മാറ്റാനുണ്ടായ കാരണം വ്യക്തമാക്കാമോ; | (ബി) | മലപ്പുറം ജില്ലാ ഓഫീസ് ജില്ലാ ആസ്ഥാനമായ മലപ്പുറത്ത് തന്നെ 18-7-2022 മുതൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പുതിയ ജില്ലാതല ക്ലസ്റ്റർ ഓഫീസ് ജില്ലാ ആസ്ഥാനമായ മലപ്പുറത്ത് തന്നെ നിലനിർത്താൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ? | (സി) | മലപ്പുറം ജില്ലാ ഓഫീസ് ജില്ലാ ആസ്ഥാനമായ മലപ്പുറത്ത് തന്നെ 18-7-2022 മുതൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ